നം. ഇ.എസ്2-60301/2015/ആവഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 07.12.2017

## നോട്ടീസ്

വിഷയം:- ആവഡ – ശ്രീമതി. സുനിത മേനോൻ. സി, ക്ലാർക്ക് ടൈപ്പിസ്റ്റ്, ജില്ലാ മെഡിക്കൽ ആഫീസ് തൃശ്ശൂർ - സീനിയോറിട്ടി സ്ഥാനം പുനർ നിർണ്ണയിച്ച് നോട്ടീസ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന:- 1. ഉത്തരവ് നം. ഇ.എസ്2-60301/2015/ആവഡ തീയതി 07.09.2016
2.23.11.2017 ലെ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഇ.ഡി4/84141/2017 എന്ന കുറിപ്പ്

തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസിൽ ക്ലാർക്ക് ടൈപ്പിസ്റ്റായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. സുനിത മേനോൻ. സി തൃശ്ശൂർ കെ.പി.എസ്.സി യുടെ അഡ്വൈസ് നം. RI(3)/260/05-5 തീയതി 20.04.2012 പ്രകാരവും തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസറുടെ 25.05.2012 ലെ എ2-6237/2010 പ്രകാരവും 30.05.2012 ൽ സർവ്വീസിൽ പ്രവേശിച്ചു.

സൂചന 1 പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിലെ സീനിയോറിട്ടി പട്ടികയിൽ ടിയാന്റെ സീനിയോറിട്ടി സ്ഥാനം നിർണ്ണയിച്ചിട്ടുള്ളത് അഡ്വൈസ് തീയതിയായ 20.04.2012 പരിഗണിച്ചാണ്. എന്നാൽ ക്ലാർക്ക് ടൈപ്പിസ്റ്റായി ജോലിയിൽ പ്രവേശിച്ച ടിയാൻ ടൈപ്പിസ്റ്റായി തസ്തിക ഓപ്റ്റ് ചെയ്തതിനാൽ ടൈപ്പിസ്റ്റായി നിയമനം നൽകിയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ സീനിയോറിട്ടി സ്ഥാനത്തിന് ടിയാന് അർഹതയുള്ളൂ.

ഈ സാഹചര്യത്തിൽ 01.11.2011 മുതൽ 31.07.2015 കാലയളവിലെ ടൈപ്പിസ്റ്റ് സീനിയോറിട്ടി പട്ടികയിൽ 1- A-ാം റാങ്ക് നമ്പർ നൽകി പുറപ്പെടുവിച്ച സൂചന 1 ഉത്തരവ് റദ്ദാക്കുന്നതിനായി ഇതിനാൽ താത്കാലികമായി തീരുമാനിച്ചിരിക്കുന്നു. ആയതിന്മേൽ എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം പ്രസ്തുത നോട്ടീസ് പ്രസിദ്ധീകരിച്ച് 30 ദിവസത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. അനുബന്ധ പട്ടിക ഉള്ളടക്കം ചെയ്യുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

| നം. | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | സീനിയോറിറ്റിക്ക് കണക്കാക്കിയ തീയതി | നിലവിലെ റാങ്ക് നം. | പി.എസ്.സി യുടെ ശുപാർശാ നമ്പരും തീയതിയും | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | സുനിത മേനോൻ. സി | 20.07.1975 | 30.05.2012 | 20.04.2012 | 1 A | Adv. No. RI (3) 260/05-5 KPSC TSR dtd 20.04.12 | ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും ടൈപ്പിസ്റ്റ് തസ്തികയിൽ ഓപ്ഷൻ നൽകിയ വിവരങ്ങൾ ലഭിച്ചിട്ടില്ല. |

ആരോഗ്യവകുപ്പ് ഡയറക്ടർക്ക വേണ്ടി